# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1452 | 31.10.2019-ന് മറുപടിയ്ക്ക് |
|---|---|

## <u>സാമൂഹ്യ ആഘാത പഠനം</u>

| ചോദ്യം<br>ശ്രീ മോൻസ് ജോസഫ് | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവ് നികത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടും സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കാത്തതു കാരണം ടെൻഡർ നടപടികളിലേക്ക് പോകാത്ത അവസ്ഥക്ക് പരിഹാരം കാണുന്നതിന് റവന്യൂ വകുപ്പ് എത്രയും വേഗം സാമൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് നൽകുമോ; ആയതിന് ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും | ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവ് നിവർത്തുന്നതിന് കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുച്ചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽപ്പെട്ട 1.9652 ഹെക്ടർ ഭൂമി 2013 ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് 16/08/2018-ലെ സ.ഉ (സാധ) നം.1277/2018/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 20/08/2019-ൽ പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിൽ നിന്നും ഹാജരാക്കിയിട്ടുള്ള റിക്വിസിഷനിൽ വടയാർ വില്ലേജിലുൾപ്പെട്ട സ്ഥലം കൂടി ഏറ്റെടുക്കുവാനുള്ളതായി കാണുന്നതിനാൽ അർത്ഥനാധികാരി, ലാൻഡ് അക്വിസിഷൻ ഓഫീസർ എന്നിവർ സംയുക്ത പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസർ ആയ സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) പാലായ്ക്ക് 02/09/2019-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനുള്ള ഏജൻസിയെ നിയമിക്കുന്നതും എൽ.എ.ആർ.ആർ.ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതുമാണ്. |
| (ബി) | റവന്യൂ വകുപ്പ് സാമൂഹ്യ ആഘാത പഠനം നടത്തുന്നത് ഏത് ഏജൻസി വഴിയാണെന്ന് വ്യക്തമാക്കാമോ; സാമൂഹ്യ ആഘാത പഠനം നടത്തുവാൻ ഇപ്പോൾ അനുവദിച്ചുള്ള തസ്തികകൾ എത്ര; വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ